# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2991

10.03.2017-ൽ മറുപടിക്ക്

## <u>രജിസ്ട്രാർ ഓഫീസുകളിൽ ഇ-പേയ്മെന്റ് സംവിധാനം</u>

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല:** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) രജിസ്ട്രാർ ഓഫീസുകൾ അഴിമതി രഹിതവും കറൻസി രഹിതവുമാക്കുന്നതിനായി ഇ-പേയ്മെന്റ് സിസ്റ്റം നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഇ-പേയ്മെന്റ് സിസ്റ്റം പൂർണ്ണമായി നടപ്പാക്കണമെങ്കിൽ മുഴുവൻ ട്രഷറികളെയും കോർബാങ്കിങ്ങ് ശൃംഖലയുമായി ബന്ധിപ്പിക്കേണ്ടതുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | ബി) ഉണ്ട്. രജിസ്ട്രേഷൻ വകുപ്പിൽ അവലംബിച്ചിരിക്കുന്നത് നെറ്റ് ബാങ്കിംഗ് മുഖേന തുക ഒടുക്കുന്നതിനുള്ള സൗകര്യവും അതോടൊപ്പം തന്നെ നെറ്റ് ബാങ്കിംഗ് സൗകര്യം ഇല്ലാത്തവർക്കായി ചെല്ലാൻ മുഖേന തുക ഏതെങ്കിലും ട്രഷറിയിൽ ഒടുക്കുന്നതിനുമാണ്. ഈ സൗകര്യം കാര്യക്ഷമമാക്കുന്നതിനായി മുഴുവൻ ട്രഷറികളെയും കോർബാങ്കിംഗ് ശൃംഘലയുമായി ബന്ധിപ്പിക്കേണ്ടതുണ്ട്. |
| സി) സബ് രജിസ്ട്രാർ ഓഫീസിലെ ഇന്റർനെറ്റ് സംവിധാനത്തിന്റെ ശേഷിയും ഉയർത്തേണ്ടി വരുമോ; | സി) ഇന്റർനെറ്റ് സംവിധാനത്തിന്റെ ശേഷി ഉയർത്തേണ്ടിവരും. |
| ഡി) ഇ-പേയ്മെന്റ് സംവിധാനം സബ് രജിസ്ട്രാർ ഓഫീസുകളിൽ പൂർണ്ണമായും എന്നു മുതൽ പ്രാബല്യത്തിൽ വരും; വിശദാംശങ്ങൾ നൽകുമോ? | ഡി) ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമായി സംസ്ഥാനത്തെ 313 സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്ട്രേഷൻ ഫീസ് ഒടുക്കുന്നതിനുള്ള ഇ-പേയ്മെന്റ് സൗകര്യം 21.02.2017 മുതൽ പ്രവർത്തന സജ്ജമാണ്. അടുത്ത ഘട്ടമായി ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**